39679/2017/FMIS
01/08/2017

VE10-5730/2017

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്
കൺസർവേറ്ററുടെ ആഫീസ്
വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്
തിരുവനന്തപുരം
Phone : Off: 0471 - 2321583
E-mail: apccf-vig.for@kerala.gov.in
തീയതി : 24.07.2017

## സർക്കുലർ നമ്പർ 02/2017

വിഷയം: വനം വകുപ്പ് - കൂപ്പുകളിൽ നിന്നും അടക്കിമുറി പ്രവർത്തി കഴിഞ്ഞുവരുന്ന തടികൾ ഗവൺമെന്റ് ഡിപ്പോകളിൽ അട്ടിവെക്കുന്നത് - സംബന്ധിച്ച്.

സൂചന: 1 അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്) ടെ 29.11.2014, 13.07.2017 തീയതികളിലെ മീറ്റിംഗിന്റെ മിനുട്സ്

2 അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സ്) ടെ 08.12.2014 ലെ പ്രൊ(4)-26243/2013 നമ്പർ കത്ത്.

PCM

HA 26/7/17

ടെറിറ്റോറിയൽ ഡിവിഷനുകളിൽ അന്തിമവെട്ടു നടത്തുന്ന തോട്ടങ്ങളിലെ തടികളുടെ വില്പനവിഭാഗം ഡിപ്പോകളിലുള്ള അട്ടിവെയ്ക്കൽ പ്രവർത്തികൾ ടെറിട്ടോറിയൽ ഡിവിഷൻ തലത്തിൽ ചെയ്യേണ്ടതില്ലെന്നും ആയത് ടിംബർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ ചെയ്യിച്ചാൽ മതിയെന്നും 29.11.2014 ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്) ടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിൽ തീരുമാനമായിരുന്നു. തുടർന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സ്) ടെ 08.12.2014 ലെ പ്രൊ(4)-26243/2013 നമ്പർ കത്തിലെ രണ്ടാമത്തെ നിർദ്ദേശമായി ടി വിവരം എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും നൽകിയിട്ടുള്ളതാണ്. എന്നാൽ മേൽ ഉത്തരവിനുശേഷവും FFA അടങ്കലുകളിലും കരാറുകളിലും ടി പ്രവർത്തികൾ ഉൾക്കൊള്ളിക്കുന്നതായും ഇതേ പ്രവർത്തികൾക്ക് തന്നെ മേൽ നിർദ്ദേശ പ്രകാരം ടിംബർ റെയിൽസ് ഡിവിഷനുകളിൽ പ്രത്യേക എസ്റ്റിമേറ്റുകൾ പാസ്സാക്കുകയും, കൺവീനർ മുഖേന പ്രവർത്തി നടപ്പിലാക്കുകയും ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇപ്രകാരം ഒരേ ഇനം തന്നെ ഡിപ്പോയിലേയും ടെറിറ്റോറിയൽ ഡിവിഷനിലേയും എസ്റ്റിമേറ്റിൽ ആവർത്തിച്ചുവരുന്നത് സാമ്പത്തിക ക്രമക്കേടാണ്. തടിഡിപ്പോകളിൽ കൺവീനർ മുഖേന തടികൾ അട്ടിവെയ്ക്കുകയാണെങ്കിൽ ടി ഇനം FFA അടങ്കലിൽ നിന്നും ടെണ്ടറിനു മുമ്പായി തന്നെ ഡി.എഫ്.ഒ.

Web site
29/7
Vinod. S
DCF (FMIS)

31/7
DCF (G/J)

*E:\Valsala\2017\VE10\VE 10-5730 (Circular)dt. 25.07.doc*

28/7/17
APCCF (FMIS)

pcm

ഒഴിവാക്കേണ്ടതും കൂടുതൽ വ്യക്തത വരുത്തുന്നതിനായി FFA ടെണ്ടർ കരാറിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ (പ്രത്യേകിച്ച് 11, 26 വ്യവസ്ഥകൾ) പുന:പരിശോധിക്കേണ്ടതുമാണ്.

മേൽ നിർദ്ദേശം കർശനമായി പാലിക്കേണ്ടത് അന്തിമവെട്ട് ഏറ്റെടുക്കുന്ന കരാറുകാരനുമായി ഉടമ്പടി വെയ്ക്കുന്ന അധികാരിയുടെ പൂർണ്ണ ഉത്തരവാദിത്വമായിരിക്കുമെന്നും അറിയിക്കുന്നു.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്)

To,

1. എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും
2. എല്ലാ ഫോറസ്റ്റ് കൺസർവേറ്റർമാർക്കും
3. എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും (ഫ്ളയിംഗ് സ്ക്വാഡ് & ടെറിറ്റോറിയൽ)
4. എല്ലാ ടിംബർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും .

*E:\Valsala\2017\VE10\VE 10-5730 (Circular)dt. 25.07.doc*